**കുടുംബശ്രീ ബ്ലോക്ക് കോ ഓർഡിനേറ്റർ (എം ഐ എസ്) പരീക്ഷ ഡിസംബർ 22, 2018**

പേര് [ ] രജിസ്റ്റർ നമ്പർ [ | | | | ]

ചോദ്യങ്ങളുടെ എണ്ണം - 125 അനുവദനീയമായ സമയം - 120 മിനിട്ട്

**പരീക്ഷാർത്ഥിയ്ക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചതിനു ശേഷം മാത്രം ഉത്തരം രേഖപ്പെടുത്തുക.
2. ചോദ്യ പേപ്പറിൽ നിങ്ങളുടെ രജിസ്റ്റർ നമ്പറും (ജില്ലാ കോഡ് സഹിതം) പേരും ശരിയായി രേഖപ്പെടുത്തുക. ഇവ ശരിയായി രേഖപ്പെടുത്താത്തപക്ഷം ആ ഉത്തരകടലാസ് മൂല്യനിർണ്ണയം നടത്തുന്നതല്ല.
3. ചോദ്യ പേപ്പറിൽ 125 ചോദ്യങ്ങളും ഉണ്ടെന്ന് ഉറപ്പാക്കുക. ചോദ്യ പേപ്പറിൽ എന്തെങ്കിലും കുഴപ്പം ഉണ്ടെന്നു കണ്ടാൽ അക്കാര്യം പരീക്ഷാ ഹാളിൽ നിൽക്കുന്ന ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തി പുതിയ ചോദ്യ പേപ്പർ വാങ്ങണം.
4. ഓരോ ശരിയായ ഉത്തരത്തിനും ഒരു മാർക്ക് വീതമാണ് ലഭിക്കുക.
5. **ചോദ്യ പേപ്പറിൽ തന്നെയാണ് ഉത്തരങ്ങൾ രേഖപ്പെടുത്തേണ്ടത്. ആയതിനാൽ പരീക്ഷയ്ക്കു ശേഷം ചോദ്യ പേപ്പർ ഇൻവിജിലേറ്ററെ ഏൽപ്പിക്കേണ്ടതാണ്.**
6. ബഹു ഉത്തര മാതൃകയിലുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തന്നിരിക്കുന്ന ഉത്തരങ്ങളിൽ ഉചിതമായവയിൽ ✓ ചിഹ്നം രേഖപ്പെടുത്തണം.
7. ഒരു ചോദ്യത്തിനുത്തരമായി തന്നിരിക്കുന്ന വികല്പങ്ങളിൽ ഒന്നിലധികം എണ്ണത്തിനു ✓ ചിഹ്നം അടയാളപ്പെടുത്തിയാൽ ആ ഉത്തരം മൂല്യനിർണ്ണയം നടത്തുന്നതല്ല.
8. മറ്റു ചിഹ്നങ്ങൾ രേഖപ്പെടുത്തുകയോ അവ്യക്തമായ ചിഹ്നങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്ന ഉത്തരങ്ങൾ മൂല്യനിർണ്ണയം നടത്തുന്നതല്ല.
9. കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, ഡിജിറ്റൽ വാച്ച് തുടങ്ങി കണക്കുകൂട്ടലിനും നെറ്റ് കണക്ടിവിറ്റി സാധ്യമാകുന്നതുമായ യാതൊരുവിധ ഉപകരണങ്ങളും പരീക്ഷാ ഹാളിൽ അനുവദിക്കുകയില്ല.
10. കണക്ക് കൂട്ടലിനും മറ്റും അഡീഷണൽ പേപ്പർ ആവശ്യമാണെങ്കിൽ ലഭ്യമാക്കുന്നതാണ്.
11. പരീക്ഷ പൂർണ്ണമായി അവസാനിച്ചതിനു ശേഷം മാത്രമേ പരീക്ഷാ ഹാൾ വിട്ടു പോകാൻ അനുവാദം നൽകുകയുള്ളൂ.

---

**ഓഫീസ് ഉപയോഗത്തിന്**

മൂല്യ നിർണ്ണയം നടത്തിയ തീയതി [ ] ലഭിച്ച മാർക്ക് [ ]

മൂല്യനിർണ്ണയം നടത്തിയ അധ്യാപികയുടെ/അധ്യാപകന്റെ പേരും ഒപ്പും

പരീക്ഷാ സെന്റർ കോ ഓർഡിനേറ്ററുടെ പേരും ഒപ്പും

1. കുടുംബശ്രീ മാതൃക അന്യസംസ്ഥാനങ്ങളിലും മറ്റ് രാജ്യങ്ങളും പകർത്തുന്നതിനു ചുമതലയുള്ള കുടുംബശ്രീ വിഭാഗം.

   A) മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ B) കുടുംബശ്രീ എൻ ആർ ഒ

   C) പരിശീലക ഗ്രൂപ്പുകൾ D) ജെന്റർ ടീം

2. അതിക്രമത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ഹ്യസ്വകാല താമസ സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ആരംഭിച്ച സഹായ കേന്ദ്രം.

   A) ബ്ലോക്ക് ലെവൽ കൗൺസിലിംഗ് സെന്റർ B) ജെന്റർ റിസോഴ്സ് സെന്റർ

   C) സ്നേഹിത ഹെല്പ് ഡെസ്ക് D) ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ

3. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ മധ്യതലം

   A) സി ഡി എസ് B) വിലയിരുത്തൽ സമിതി

   C) എ ഡി എസ് D) ഉപസമിതി

4. താഴെപ്പറയുന്നവരിൽ ആരാണ് നിലവിൽ കുടുംബശ്രീ ഗവേണിംഗ് ബോഡി ചെയർമാൻ?

   A) ഡോ തോമസ് ഐസക് B) എ സി മൊയ്തീൻ

   C) ഡോ കെ ടി ജലീൽ D) പി കെ ശ്രീമതി ടീച്ചർ

5. കുടുംബശ്രീ ബൈലോ പ്രകാരം അയൽക്കൂട്ടം രൂപീകരിച്ച് ........... മാസത്തെ പ്രവർത്തനഫലമായി അംഗങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് തീരുമാനമെടുക്കാനുള്ള കഴിവ് അയൽക്കൂട്ടം നേടിയ ശേഷം മാത്രമേ സ്വരൂപിച്ച സമ്പാദ്യത്തിൽ നിന്നും മുൻഗണനാക്രമത്തിൽ വായ്പകൾ അനുവദിക്കേണ്ടതുള്ളൂ.

   A) ആറു മാസം B) മൂന്നു മാസം

   C) ഒരു വർഷം D) അഞ്ചു മാസം

6. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെക്കുറിച്ച് അയൽക്കൂട്ടാംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അറിവു നൽകേണ്ടത് താഴെപ്പറയുന്നവരിൽ ആരുടെ ഉത്തരവാദിത്തമാണ്?

   A) അടിസ്ഥാന സൗകര്യ വോളന്റിയർ B) ആരോഗ്യ -വിദ്യാഭ്യാസ വോളന്റിയർ

   C) വരുമാനദായക വോളന്റിയർ D) അയൽക്കൂട്ട പ്രസിഡന്റ്

7. കുടുംബശ്രീ വിലയിരുത്തൽ സമിതിയുടെ കൺവീനറായി കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നത് ആരാണ്?

   A) സി ഡി എസ് ചെയർപേഴ്സൻ B) മെമ്പർ സെക്രട്ടറി

   C) സി ഡി എസ് വൈസ്ചെയർപേഴ്സൻ D) സി ഡി എസ് കമ്മിറ്റി നിശ്ചയിക്കുന്ന വ്യക്തി

8. 'മാതൃകം' അയൽക്കൂട്ടത്തിനു ലിങ്കേജ് വായ്പ എടുക്കണമെങ്കിൽ ഗ്രേഡിംഗ് പാസാകണം. 150 മാർക്കാണ് ഗ്രേഡിംഗിന്റെ ആകെ സ്കോർ. ഏറ്റവും കുറഞ്ഞത് എത്ര സ്കോർ ലഭിച്ചാൽ മാതൃകം അയൽക്കൂട്ടം ഗ്രേഡിംഗ് പാസാകും?

A) 150 B) 120

C) 75 D) 100

9. ആന്തരിക വായ്പയുടെ പലിശ നിരക്ക് തീരുമാനിക്കുന്നത് അതാത് അയൽക്കൂട്ടങ്ങളാണ്. എന്നാൽ ഇപ്രകാരം തീരുമാനിക്കുന്ന വാർഷിക പലിശ നിരക്ക് പരമാവധി എത്ര ശതമാനം വരെ ആകാം?

A) 6 B) 8

C) 10 D) 12

10. 'സൗഹൃദം' വയോജന അയൽക്കൂട്ടം സോപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചു. എന്നാൽ മൂലധനം സമാഹരിക്കാൻ കഴിയാത്തതുമൂലം അംഗങ്ങളെല്ലാം നിരാശയിലാണ്. താഴെപ്പറയുന്നതിൽ ഏതു ധനസഹായ പദ്ധതി പ്രകാരം ഈ ഗ്രൂപ്പിനെ സഹായിക്കാൻ കഴിയും?

A) ഇന്നവേഷൻ ഫണ്ട് B) ക്രൈസിസ് മാനേജ്മന്റ് ഫണ്ട്

C) പ്രത്യാശ ഫണ്ട് D) റിവോൾവിംഗ് ഫണ്ട്

11. തദ്ദേശഭരണ തലത്തിൽ വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിച്ച സംവിധാനം.

A) ജെന്റർ റിസോഴ്സ് സെന്റർ B) സ്നേഹിത

C) വിജിലന്റ് ഗ്രൂപ്പ് D) സ്നേഹിത കോളിംഗ് ബെൽ

12. ആശ്രയ കുടുംബത്തിലെ അംഗമാണ് വിഷ്ണു. പ്ലസ്ടു പാസായ വിഷ്ണുവിന് സാമ്പത്തിക പ്രയാസം മൂലം തുടർ പഠനം സാധ്യമായില്ല. ഗ്രാമ പ്രദേശത്തു താമസിക്കുന്ന വിഷ്ണുവിന് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനായി താഴെപ്പറയുന്നതിൽ ഏതു പദ്ധതിയിൽ ഉൾപ്പെടുത്തി സഹായിക്കാൻ കഴിയും?

A) എൻ യു എൽ എം B) ഡി ഡി യു ജി കെ വൈ

C) സ്നേഹിത കോളിംഗ് ബെൽ D) പി എം എ വൈ

13. ഒരു പ്രദേശത്തെ പ്രധാന ക്ലേശഘടകങ്ങളെയും മനുഷ്യരെയും പ്രകൃതിയേയും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുകയും ചെയ്യുന്ന പ്രശ്നങ്ങളെ രേഖപ്പെടുത്തുന്നതിനായി കുടുംബശ്രീ നടത്തിയ പഠന പ്രവർത്തനം.

A) വിജിലന്റ് ഗ്രൂപ്പ് B) പുസ്തക യാത്ര

C) കമ്മ്യൂണിറ്റി കൗൺസിലിംഗ് D) വൾണറബിലിറ്റി മാപ്പിംഗ്

14. ആഴ്ചതോറുമുള്ള കുടുംബശ്രീ അയൽക്കൂട്ട യോഗത്തിൽ അയൽക്കൂട്ടാംഗങ്ങൾ അവരുടെ സമ്പാദ്യത്തുക ആരുടെ കൈവശമാണ് നൽകേണ്ടത്?

A) സെക്രട്ടറി    B) പ്രസിഡന്റ്

C) വരുമാനദായക വോളന്റിയർ    D) അടിസ്ഥാന സൗകര്യ വോളന്റിയർ

15. കുടുംബശ്രീ പ്രവർത്തനങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന സംഘടനാ സംവിധാനം.

A) സി ഡി എസ് ഉപസമിതികൾ    B) സി ഡി എസ് എക്സിക്യൂട്ടീവ് കമ്മറ്റി

C) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി    D) വിലയിരുത്തൽ സമിതി

16. ആന്തരിക സമ്പാദ്യ വായ്പാ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനും ബാങ്ക് ലിങ്കേജ് വായ്പാ സൗകര്യം പ്രയോജനപ്പെടുത്തുന്നതിനുമായി അയൽക്കൂട്ടങ്ങൾക്ക നൽകുന്ന പ്രോത്സാഹന തുക.

A) റിവോൾവിംഗ് ഫണ്ട്    B) വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട്

C) മാച്ചിംഗ് ഗ്രാന്റ്    D) സ്റ്റാർട്ട് അപ്പ് ഫണ്ട്

17. ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി നഗരപ്രദേശങ്ങളിൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി.

A) ഡിഡിയു ജി കെ വൈ    B) എൻ യു എൽ എം

C) പി എം എ വൈ    D) എൻ ആർ എൽ എം

18. കുടുംബശ്രീ അംഗങ്ങളെ ഉൾക്കൊള്ളിച്ച് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണ്?

A) സംരംഭങ്ങൾ ആരംഭിക്കുക    B) സംഘകൃഷി നടത്തുക

C) സർവ്വേ സംഘടിപ്പിക്കുക    D) അയൽക്കൂട്ടങ്ങളെ നിരീക്ഷിക്കുക

19. 'അഷിത'യെ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് അയൽക്കൂട്ടം ശുപാർശ ചെയ്തു. മാനദണ്ഡ പ്രകാരം ഒൻപത് ക്ലേശഘടകങ്ങളിൽ ഏഴെണ്ണം അഷിതയുടെ കുടുംബത്തിനു ബാധകമാണ്. ഒരു അധിക ക്ലേശഘടകം കൂടി ഉണ്ടെങ്കിലേ അഷിതയെ ആശ്രയ ഗുണഭോക്താവായി പരിഗണിക്കൂ. താഴെതന്നിരിക്കുന്നവയിൽ ഒന്ന് അധിക ക്ലേശ ഘടകമാണ്. ഇത് ഏതെന്ന് കണ്ടെത്തുക?

A) 10 സെന്റിൽ താഴെ ഭൂമി    B) 150 മീറ്ററിനുള്ളിൽ കുടിവെള്ളമില്ല

C) വനിത കുടുംബനാഥയായ കുടുംബം    D) അകാലത്തിൽ വിധവകളാകേണ്ടി വന്നവർ

20. ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും ലക്ഷ്യമാക്കി കുടുംബശ്രീ ആരംഭിച്ച സ്ഥാപനം.

A) ബാലസഭ    B) ബാല സമിതികൾ

C) ബഡ്സ്    D) ജി ആർ സി

21. കാർഷിക മേഖലയുടെ വികസനത്തിനായി കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി.

A) എൻ യു എൽ എം B) ആർ കെ വി വൈ

C) എം കെ എസ് പി D) പി എം എ വൈ

22. 'ഹരിത' അയൽക്കൂട്ടത്തിൽ പതിനെട്ട് അംഗങ്ങളാണുള്ളത്. ഈ അയൽക്കൂട്ട പരിധിയിൽ വരുന്ന 'രമ' ഹരിത അയൽക്കൂട്ടത്തിൽ അംഗത്വത്തിനായി അപേക്ഷിച്ചു. എന്നാൽ രമയെ അംഗമാക്കുന്നതിനു നിലവിലുള്ള അംഗങ്ങൾ തയ്യാറാകുന്നില്ല. ഇപ്പോൾ തന്നെ അംഗങ്ങൾ കൂടുതലാണെന്നാണ് അയൽക്കൂട്ടാംഗങ്ങൾ പറയുന്നത്. ഒരു അയൽക്കൂട്ടത്തിലെ പരമാവധി അംഗസംഖ്യ എത്രയാണ്?

A) 18 B) 15

C) 25 D) 20

23. നിങ്ങളുടെ പ്രദേശത്ത് ഒറ്റയ്ക്കു കഴിയുന്ന വൃദ്ധ ദമ്പതികൾക്ക് സഹായത്തിനായി പരിശീലനം ലഭിച്ച ഓരാളെ വേണമെന്ന് ആവശ്യപ്പെട്ടു. മതിയായ ഫീസ് നൽകുന്നതിന് ഈ ദമ്പതികൾ തയ്യാറാണ്. കുടുംബശ്രീ ഇത്തരത്തിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഏതാണെന്ന് ചുവടെ കൊടുത്തിരിയ്ക്കുന്നവയിൽ നിന്ന് തെരഞ്ഞെടുക്കുക.

A) ഹർഷം B) അഗതിരഹിത കേരളം

C) അമൃതം D) സ്നേഹിത കോളിംഗ് ബെൽ

24. കലയെ ഉപജീവന പ്രവർത്തനമായി കണ്ടു കൊണ്ട് കുടുംബശ്രീ ആരംഭിച്ച കമ്യൂണിറ്റി തീയേറ്റർ.

A) കുടുംബശ്രീ സ്കൂൾ B) സ്നേഹിത

C) അരങ്ങ് D) രംഗശ്രീ

25. അയൽക്കൂട്ടത്തിലെ ത്രിഫ്റ്റ് തുക നിശ്ചയിക്കാനുള്ള അധികാരം ആർക്കാണ്?

A) കുടുംബശ്രീ ജില്ലാ മിഷന് B) സി ഡി എസിന്

C) അയൽക്കൂട്ടത്തിന് D) സംസ്ഥാന സർക്കാരിന്

26. കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളായ 49 ലക്ഷം പേരെയും ഉൾക്കൊള്ളുന്ന സമൂഹാധിഷ്ഠിത പരിശീലന പരിപാടി.

A) കമ്യൂണിറ്റി കൗൺസിലിംഗ് B) അരങ്ങ്

C) സമം D) കുടുംബശ്രീ സ്കൂൾ

27. പ്രളയാനന്തര കേരളത്തിന്റെ പുന:നിർമ്മാണത്തിന്റെ ഭാഗമായി 50,000 വ്യക്തികൾക്ക് 10 മേഖലകളിലായി തൊഴിലും വരുമാനവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന നൂതന തൊഴിൽ പരിശീലന പദ്ധതി.

A) ഹർഷം B) പ്രത്യാശ

C) എറൈസ് (ARISE) D) യുവശ്രീ

28. മുഖ്യധാരാ വിദ്യാഭ്യാസത്തിൽ നിന്നും കൊഴിഞ്ഞു പോകുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ പൊതു വിദ്യാഭ്യാസവുമായി ബന്ധിപ്പിക്കുന്നതിനായി അട്ടപ്പാടി പ്രത്യേക പ്രോജക്ടിന്റെ ഭാഗമായി നടപ്പാക്കിയ ബദൽ വിദ്യാഭ്യാസ ഉദ്യമം.

A) ബാല ഗോത്ര സഭ B) ബ്രിഡ്ജ് സ്കൂൾ

C) വന വിദ്യാലയം D) ബാല വിജ്ഞാൻ ലൈബ്രറി

29. ആശ്രയ പദ്ധതി ഇപ്പോൾ ഏതു പേരിലാണ് അറിയപ്പെടുന്നത്?

A) അഗതി രഹിത കേരളം B) വിശപ്പു രഹിത കേരളം

C) നിരാമയ D) സായംപ്രഭ

30. പ്രകൃതിക്ഷോഭത്തിൽ വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പുവരുത്തിക്കൊണ്ട് ഗാർഹിക ഉപകരണങ്ങൾ വാങ്ങാനും ഉപജീവനോപാധികൾ നേടുന്നതിനുമായി കുടുംബശ്രീ മുഖേന സംസ്ഥാന സർക്കാർ നടപ്പാക്കിയ വായ്പാ പദ്ധതി.

A) ആശ്വാസ കിരണം B) കെയർ ലോൺ

C) ലൈഫ് D) റിസർജെന്റ് കേരള ലോൺ സ്കീം

31. കുടുംബശ്രീ ത്രിതല സംഘടനാ തിരഞ്ഞെടുപ്പ് എത്ര വർഷം കൂടുമ്പോഴാണ് നടത്തുന്നത്?

A) മൂന്ന് B) അഞ്ച്

C) രണ്ട് D) ആറ്

32. കഴിഞ്ഞ നാലു വർഷമായി വിജയകരമായി പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ സംരംഭ യൂണിറ്റാണ് 'കൈരളി' ഹെൽത്ത് പൗഡർ യൂണിറ്റ്. ഇവർ തങ്ങളുടെ സംരംഭ മേഖല വിലുലപ്പെടുത്തുവാൻ തീരുമാനിച്ചു. താഴെപ്പറയുന്നവയിൽ ഏതു സ്കീമാണ് ഇവർക്ക് ഏറ്റവും അനുയോജ്യം?

A) ടെക്നോളജി ഫണ്ട് B) ഇന്നവേഷൻ ഫണ്ട്

C) റിവോൾവിംഗ് ഫണ്ട് D) രണ്ടാം ഘട്ട ധനസഹായം

33. ഹരിതം അയൽക്കൂട്ടം രൂപീകരിച്ചിട്ട് ഒരു വർഷം പൂർത്തീയാകുകയാണ്.കണക്കുകൾ ഓഡിറ്റ് ചെയ്യണമെന്ന് അയൽക്കൂട്ട യോഗത്തിൽ തീരുമാനമായി. ഇതിനായി താഴെപ്പറയുന്നതിൽ ഏതു ടീമിനെയാണ് ഇവർ സമീപിക്കേണ്ടത്?

A) എം ഇ സി B) ജീവ

C) കാസ്സ് D) സി ടി സി

34. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് പരമാവധി 12.5 ശതമാനം പലിശ നിരക്കിലാണ് ബാങ്കുകൾ ലിങ്കേജ് വായ്പ ലഭ്യമാക്കുന്നത്. ഈ പലിശയുടെ എത്ര ശതമാനമാണ് കുടുംബശ്രീ വഹിയ്ക്കുന്നത്?

A) 4% B) 8.5%

C) 7% D) 8%

35. ചേരി വികസനം, ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി, അഫോർഡബിൾ ഹൗസിംഗ് സ്കീം, വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള ധനസഹായം എന്നിങ്ങനെ നാലു വ്യത്യസ്ത ഘടകങ്ങൾ സംയോജിപ്പിച്ച് കുടുംബശ്രീ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതി.

A) ഭവന ശ്രീ B) ലൈഫ്

C) പ്രധാൻ മന്ത്രി ആവാസ് യോജന D) രാജീവ് ആവാസ് യോജന

36. നിങ്ങളുടെ അയൽക്കൂട്ട പ്രദേശത്ത് ഒറ്റപ്പെട്ടു കഴിയുന്നതും ആരും ആശ്രയത്തിനില്ലാത്തതുമായ ഒരു കുടുംബം ഉണ്ട്. നിരന്തര സമ്പർക്കം പുലർത്തി ആവശ്യമായ മാനസിക പിന്തുണ നൽകി ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം. ഇതിനു സഹായകമായി കുടുംബശ്രീ നടപ്പിലാക്കുന്നപദ്ധതി ഏതാണ്.?

A) വയോമിത്രം B) ആരോഗ്യ കിരണം

C) ഭൂമിക D) സ്നേഹിത കോളിംഗ് ബെൽ

37. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ ഉയർന്ന തലം.

A) സംസ്ഥാന മിഷൻ B) ഗവേണിംഗ് ബോഡി

C) സി ഡി എസ് D) ജില്ലാ മിഷൻ

38. കാർഷിക രംഗത്തെ സ്ത്രീ കർഷകർക്ക് ആധുനിക കാർഷിക രീതികൾ, സാങ്കേതിക വിദ്യകൾ എന്നിവയിൽ അറിവു നൽകുന്നതിനായി കുടുംബശ്രീ മിഷന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന പഞ്ചായത്ത് തല കേന്ദ്രങ്ങൾ.

A) എഫ് എഫ് സി B) സി എഫ് സി

C) ബയോ ക്ലിനിക് D) കൃഷി വിജ്ഞാന കേന്ദ്രം

39. സംസ്ഥനത്തെ തിരഞ്ഞെടുത്ത ബ്ലോക്ക് പ്രദേശത്ത് സാധ്യമായത്രയും സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതി.

A) സംരംഭ ഗ്രാമം B) എസ് വി ഇ പി

C) എറൈസ് D) യുവശ്രീ

40. പ്രാദേശിക ഭരണ സംവിധാനത്തിന്റെ കാര്യശേഷി വികസനത്തിനും ഗവേഷണങ്ങൾക്കും പരിശീലന പരിപാടികൾക്കുമായി തദ്ദേശഭരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനം.

A) തദ്ദേശമിത്രം
B) ഇൻഫർമേഷൻ കേരള മിഷൻ
C) കുടുംബശ്രീ
D) കില

41. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ പിൻബലം കിട്ടിയത് ഏതു ഭരണഘടനാ ഭേദഗതിയിലൂടെയാണ്?

A) 73,74
B) 86
C) 61
D) 101

42. സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇ - ഗവേണൻസ് നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സ്ഥാപനം.

A) ഐ ടി മിഷൻ
B) ക്രൂസ്
C) ഇൻഫർമേഷൻ കേരള മിഷൻ
D) ലോക്കൽ ഗവൺമെന്റ് കമ്മീഷൻ

43. അഞ്ചു വർഷം കൊണ്ട് ഭവനവും ഭൂമിയും ഇല്ലാത്ത എല്ലാവർക്കും മാന്യവും സുരക്ഷിതവുമായ ഭവനവും അതോടൊപ്പം ജീവിത സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതി.

A) ആർദ്രം
B) ലൈഫ്
C) ഇന്ദിരാ ആവാസ് യോജന
D) ലക്ഷം വീട് പദ്ധതി

44. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ആർക്കാണ്?

A) തദ്ദേശഭരണ കമ്മിറ്റികൾക്ക്
B) തദ്ദേശഭരണ അധ്യക്ഷന്മാർക്ക്
C) ഗ്രാമസഭക്ക്
D) സംസ്ഥാന സർക്കാരിന്

45. കേരളത്തിൽ ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ (ഡി പി സി) അധ്യക്ഷൻ/അധ്യക്ഷ ആരാണ്?

A) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
B) ജില്ലാ കളക്ടർ
C) മേയർ
D) ജില്ലയുടെ ചുമതലയുള്ള മന്ത്രി

46. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും അതിലെ ഉദ്യോഗസ്ഥരുടെയും ഭരണനിർവ്വഹണത്തിലെ അഴിമതിയും ദുർഭരണവും അപാകതകളും സൂക്ഷ്മാന്വേഷണം നടത്തുന്നതിനുള്ള അർദ്ധ ജുഡീഷ്യൽ സംവിധാനം.

A) ട്രൈബ്യൂണൽ
B) ഓംബുഡ്സ്മാൻ
C) ലോക് അദാലത്ത്
D) കൺസ്യൂമർ കോടതി

47. നഗര പ്രദേശങ്ങളിൽ സ്ഥിരതാമസക്കാരായ അവിദഗ്ദ്ധ കായികാധ്വാനത്തിന് തയ്യാറുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന കുടുംബത്തിന് പ്രതിവർഷം 100 തൊഴിൽ ദിനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതി.

A) ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി B) അയ്യൻകാളി നഗര തൊഴിലുറപ്പു പദ്ധതി

C) ജെ എൻ എൻ യു ആർ എം D) പുര പദ്ധതി (PURA)

48. ശുചിത്വമാലിന്യ സംസ്ക്കരണം, ജലവിഭവ സംരക്ഷണം, കാർഷിക മേഖലയുടെ വികസനം എന്നിവ ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതി.

A) ആർദ്രം B) ഹരിത കേരളം

C) ശുചിത്വ മിഷൻ D) മുറ്റത്തെ മുല്ല

49. ചുവടെ തന്നിരിക്കുന്നവയിൽ ശുചിത്വ മിഷന്റെ ലോഗോ ഏതെന്ന് തിരിച്ചറിയുക.

A) B)

C) D)

50. പൂജ്യം മുതൽ അറുവയസ്സുവരെയുള്ള കുട്ടികളുടെ ആരോഗ്യ-പോഷകാഹാര നിലവാരം ഉയർത്തുക, ശരിയായ മാനസിക - ശാരീരിക - സാമൂഹിക വികസനം ഉറപ്പുവരുത്തുക, മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുക, അമ്മമാർക്ക് ആവശ്യമായ പരിശീലനം നൽകുക തുടങ്ങിയ ലക്ഷ്യത്തോടുകൂടി 1975ൽ ആരംഭിച്ചതും ഇപ്പോഴും തുടർന്നു വരുന്നതുമായ പദ്ധതി.

A) സംയോജിത ശിശു വികസന പരിപാടി (ICDS) B) ഹരിത കേരളം

C) സംയോജിത ഗ്രാമ വികസന പദ്ധതി (IRDP) D) മഹിളാ സമഘ്യ

51. താഴെപ്പറയുന്നവയിൽ ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനുവേണ്ടിയുള്ള പദ്ധതി.

A) കെ എസ് എസ് ബി വൈ B) അർ എസ് ബി വൈ

C) ആം ആത്മി ബീമാ യോജന D) സ്വാഭിമാൻ

52. തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടാനുള്ള കുറഞ്ഞ പ്രായപരിധി.

A) 18 B) 21

C) 35 D) 25

53. വയോജന പെൻഷൻ ലഭിക്കാൻ അർഹതയുള്ളതും എന്നാൽ ലഭിക്കാത്തതുമായ വൃദ്ധജനങ്ങൾക്ക് പ്രതിമാസം 10 കി. ഗ്രാം ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി.

A) അന്നപൂർണ്ണ B) അന്ത്യോദയ അന്നയോജന

C) സമാശ്വാസം D) വിശപ്പുരഹിത നഗരം

54. ഇന്ത്യൻ ഭരണഘടനയിലെ ഏത് ആർട്ടിക്കിളാണ് മതം, വർഗ്ഗം, ജാതി, ലിംഗം, ജന്മസ്ഥലം തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങളുടെ നിരോധനം ഉറപ്പാക്കുന്നത്?

A) 15 B) 19

C) 25 D) 13

55. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം തൊഴിൽ ആവശ്യപ്പെട്ട് എത്ര ദിവസത്തിനകം തൊഴിൽ ലഭ്യമാക്കണം.

A) 14 B) 15

C) 100 D) പ്രത്യേക വ്യവസ്ഥയില്ല

56. വാർദ്ധക്യകാല പെൻഷൻ പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ അന്വേഷണ ഉദ്യോഗസ്ഥൻ ആരാണ്?

A) റവന്യൂ ഇൻസ്പെകടർ B) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

C) പഞ്ചായത്ത് സെക്രട്ടറി D) വില്ലേജ് ഓഫീസർ

57. ഒൻപതാം പഞ്ചവത്സര പദ്ധതി കാലത്ത് കേരള സർക്കാർ പ്രാദേശിക ഭരണ രംഗത്ത് നടപ്പാക്കിയ ആസൂത്രണ നിർവഹണ പ്രക്രിയ.

A) കേരള വികസന പദ്ധതി B) പീപ്പിൾ ആക്ഷൻ ഫോർ ഡവലപ്മെന്റ്

C) ജനകീയാസൂത്രണം D) ജൻ ശക്തി

58. താഴെകൊടുത്തിട്ടുള്ളവയിൽ ദാരിദ്ര്യ നിർമ്മാർജ്ജനം ചുമതലയായിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ഏതാണ്?

A) വികസനം B) ക്ഷേമകാര്യം

C) ആരോഗ്യവും വിദ്യാഭ്യാസവും D) ധനകാര്യം

59. സമൂഹത്തിൽ താഴ്ന്ന ജാതിക്കാർ എന്ന വിളിക്കപ്പെട്ടിരുന്നവർക്ക് ആധുനിക രീതിയിലുള്ള ആഭരണങ്ങൾ അണിയുന്നതിനുള്ള അവകാശത്തിനായി അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന സമരം.

A) അച്ചിപുടവ സമരം B) കല്ലുമാല സമരം

C) അടി ലഹള D) ചാന്നാർ ലഹള

60. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിദഗ്ധരും സന്നദ്ധ പ്രവർത്തകരും ഗുണഭോക്താക്കളുമടങ്ങുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ ആസൂത്രണ സമിതി.

A) വർക്കിംഗ് ഗ്രൂപ്പുകൾ B) ടാസ്ക് ഫോഴ്സ്

C) ഗ്രാമസഭ D) സ്റ്റാന്റിംഗ് കമ്മിറ്റികൾ

61. ചരക്ക് സേവന നികുതി നിയമം പ്രാബല്യത്തിൽ വന്നത് ഏതു ഭരണഘടനാ ഭേദഗതിയിലൂടെയാണ്?

A) 96 B) 97

C) 92 D) 101

62. ലോക വനിത ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഏറ്റവും കൂടുതൽ സ്വർണ്ണം നേടിയ താരം.

A) ഫെലിക്സ് സാവോൺ B) മേരി കോം

C) കിം ജോങ് യാങ് D) കാത്തി ടെയ്ലർ

63. FSSAI ലൈസൻസ് എന്തുമായി ബന്ധപ്പെട്ടതാണ്?

A) ഭക്ഷ്യ സുരക്ഷ B) ഫയർ ആന്റ് സേഫ്റ്റി

C) വിദേശ നാണയ നിയന്ത്രണം D) അളവുകളും തൂക്കങ്ങളും സംബന്ധിച്ച്

64. ഒരാൾ ദീർഘകാലത്തെ ശ്രമഫലമായി ഒരു കണ്ടുപിടുത്തം നടത്തുന്നു. ഈ കണ്ടുപിടുത്തത്തിന്മേൽ അയാൾ/അവൾ നേടുന്ന അവകാശം.

A) ഡിസൈൻ B) ട്രേഡ്മാർക്ക്

C) കോപ്പിറൈറ്റ് D) പേറ്റന്റ്

65. പതിനെട്ടുവയസ്സിൽ താഴെയുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതി.

A) കാരുണ്യ B) ജനനി സുരക്ഷ യോജന

C) മഴവില്ല് D) ആരോഗ്യ കിരണം

66. ദാരിദ്ര്യം മൂലം പഠിക്കാൻ നിവൃത്തിയില്ലാത്ത ബാലികാ ബാലന്മാർക്ക് സഹായം നൽകുന്നതിനു വേണ്ടി വി ടി ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ നടത്തിയ യാത്ര.

A) യാചനാ യാത്ര B) പട്ടിണി ജാഥ

C) സവർണ്ണ ജാഥ D) വില്ലുവണ്ടി യാത്ര

67. ഏകതാ പ്രതിമ (Statue of Unity) ഇന്ത്യയിലെ ഏതു സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്?

A) മഹാരാഷ്ട്ര B) ഉത്തർപ്രദേശ്

C) ഗുജറാത്ത് D) കേരളം

68. അൻപത്തി നാലാമത് ജ്ഞാന പീഠ പുരസ്ക്കാരം നേടിയത് ആരാണ്?

A) അമിതാവ് ഘോഷ് B) കൃഷ്ണ സോബ്ഥി

C) രഘുവീർ ചൗദരി D) പ്രതിഭ റായ്

69. പൂർണ്ണ ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകുന്ന പ്രതിമാസ ധനസഹായ പദ്ധതി.

A) താലോലം B) ആശ്വാസകിരണം

C) താലോലം D) സ്നേഹസ്വാന്തനം

70. കൊല്ലവർഷ കാലഗണന അനുസരിച്ച് ഇപ്പോൾ ഏതു വർഷമാണ്?

A) 1194 B) 2018

C) 1100 D) 1440

71. പോസ്റ്റൽ ലൈഫ് ഇൻഷുറൻസ്, റൂറൽ പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് എന്നിവയുടെ പ്രീമിയം തുക ഓൺലൈനായി സ്വീകരിക്കുന്നതിനായി കേന്ദ്ര വാർത്താവിനിമയ മന്ത്രാലയം പുറത്തിറക്കിയ മൊബൈൽ ആപ്ലിക്കേഷൻ.

A) ദർപ്പൺ B) ഭീം ആപ്പ്

C) എം പരിവാഹൻ D) ഡിജി ലോക്കർ

72. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആസ്ഥാനം എവിടെയാണ്?

A) തൃശൂർ B) എറണാകുളം

C) തിരുവനന്തപുരം D) കാസറഗോഡ്

73. 2018 ലെ സമാധാനത്തിനുള്ള നോബേൽ സമ്മാനം ഡെന്നിസ് മുക്വേഗിനൊപ്പം പങ്കിട്ട വനിത?

A) എലൻ ജോൺസൺ സെർലീഫ് B) ലെയ്മ ബോവി

C) വാൻഗാരി മാതായ് D) നാദിയ മുറാദ്

74. പ്രധാനമന്ത്രി ജൻധൻ യോജന പദ്ധതി താഴെപ്പറയുന്നവയിൽ ഏതു മേഖലയുമായി ബന്ധപ്പെട്ടതാണ്?

A) സാമ്പത്തിക ഉൾച്ചേർക്കൽ B) വയോജന പെൻഷൻ

C) ശുദ്ധജല വിതരണം D) വിള ഇൻഷുറൻസ്

75. സ്ത്രീധനത്തിന്റെ പേരിൽ ഭർത്താവോ ഭർത്താവിന്റെ വീട്ടുകാരോ പെൺകുട്ടിയെ മാനസികമായോ ശാരീരികമായോ പീഢിപ്പിക്കുകയാണെങ്കിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ഏതു സെക്ഷൻ പ്രകാരമാണ് നടപടി സ്വീകരിക്കേണ്ടത്?

A) 323,324 B) 376

C) 498 എ D) 304 ബി

76. 2018 നവംബർ മാസത്തിൽ തമിഴ്നാട്ടിൽ വീശിയടിച്ച ചുഴലിക്കാറ്റ്?

A) ഹെലൻ
B) ലെഹർ
C) ഗജ
D) ഓഖി

77. താഴെപ്പറയുന്നതിൽ കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് സിസ്റ്റം ഏതാണ്?

A) ഓപ്പൺ ഓഫീസ്
B) എക്സൽ
C) വിൻഡോസ്
D) മൈക്രോസോഫ്റ്റ് ഓഫീസ്

78. വെബ്സൈറ്റ് സന്ദർശിക്കുന്നതിനു ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ

A) ആൻഡ്രോയിഡ്
B) ഐ ഒ എസ്
C) എം ഐ എസ്
D) വെബ് ബ്രൗസർ

79. HTML ന്റെ പൂർണ്ണരൂപം എന്താണ്?

A) Hyper Text Markup Language
B) High Trade Marketing Language
C) Hyper Text Malayalam Language
D) ഇതൊന്നുമല്ല

80. എം ഐ എസിന്റെ പൂർണ്ണരൂപം.

A) മന്ത്‌ലി ഇൻഫർമേഷൻ സിസ്റ്റം
B) മാനേജ്മന്റ് ഇൻഫർമേഷൻ സോഫ്റ്റ്വെയർ
C) മാനേജ്മന്റ് ഇൻഫർമേഷൻ സിസ്റ്റം
D) ഇതൊന്നുമല്ല

81. കമ്പ്യൂട്ടറിന്റെ തലച്ചോർ എന്നറിയപ്പെടുന്ന ഭാഗം ഏതാണ്?

A) മെമ്മറി യൂണിറ്റ്
B) CPU
C) ഫ്ളോപ്പി ഡ്രൈവ്
D) പ്രോസസർ

82. എം എസ് ഓഫീസിൽ ഡോക്യൂമന്റ് പേജ് Landscape ലേക്ക് കൊണ്ടു വരുന്നതിനായി സഹായിക്കുന്ന മെനു.

A) Insert
B) Page Layout
C) Mailings
D) View

83. എക്സലിൽ Raw Cells നെ താഴെപ്പറയുന്നവയിൽ ഏത് രീതിയിലാണ് ക്രമപ്പെടുത്തിയിരിക്കുന്നത്?

A) A, B, C, etc
B) 1,2,3 etc
C) A1, A2, etc.
D) $A$1, $A$2, etc.

84. URL എന്നാൽ എന്താണ്?

A) ഗൂഗിൾ മാപ് ലൊക്കേഷൻ
B) വെബ് അഡ്രസ്
C) ലൊക്കേഷൻ സോഫ്റ്റ്വെയർ
D) ലൊക്കേഷൻ മാപ്പിംഗ്

85. താഴെപ്പറയുന്നവയിൽ വെബ് ബ്രൗസർ അല്ലാത്തത് ഏതാണ്?

A) Google Chrome
B) Opera
C) Apple Safari
D) Java

86. MS-Excel ലിൽ Graph തിരഞ്ഞെടുക്കുന്നത് താഴെപ്പറയുന്നതിൽ ഏത് മെനുവിന്റെ കീഴിലാണ്?

A) Insert
B) Formulas
C) View
D) Data

87. DOS എന്നാൽ എന്ത്?

A) Disk Operating System
B) Disk Operating Session
C) Digital Operating System
D) Digital Open system

88. Excel ഫയൽ സേവ് ചെയ്യുന്നതിനുള്ള shortcut key ഏതാണ്?

A) Ctrl+Alt+S
B) Ctrl+S
C) Alt+S
D) Shift+S

89. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പദ്ധതി ചെലവ് ഗ്രാഫിക്കലായി പ്രതിനിധാനം ചെയ്യുന്നതിന് ഉപയോഗിക്കുന്ന ചാർട്ട് ഏതാണ്?

A) Column Chart
B) Line Chart
C) Pie Chart
D) Dot Chart

90. താഴെ കൊടുത്തിരിക്കുന്നവയിൽ സേർച്ച് എഞ്ചിൻ ഏതാണ്?

A) Google
B) Open Office
C) Android
D) Mac OS

91. ഒരു വെബ്സൈറ്റിന്റെ ആദ്യ പേജിനെ പറയുന്നത്?

A) Index page
B) Java script
C) Home Page
D) Bookmark

92. താഴെപ്പറയുന്നതിൽ പ്രസന്റേഷനു സഹായിക്കുന്ന സോഫ്റ്റ്വെയർ ഏതാണ്?

A) Power point
B) MS Office Access
C) Open Office Impress
D) Both A & C

93. Desktop ൽ കാണുന്ന ചെറിയ ഗ്രാഫിക് ചിഹ്നങ്ങൾ

A) ഫോൾഡേഴ്സ്
B) ഐക്കൺസ്
C) ഫയൽസ്
D) ഇവയൊന്നുമല്ല

94. കമ്പ്യൂട്ടറിൽ നാം ഡിലീറ്റ് ചെയ്യുന്ന ഫയൽ/ഫോൾഡറുകൾ എവിടേക്കാണ് പോകുന്നത്?

A) Documents
B) New Folder
C) Computer
D) Recycle Bin

95. ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്നും ISP എന്നതിന്റെ പൂർണ്ണ രൂപം കണ്ടെത്തുക.

A) Internet Server Provider
B) Internet Service Protocol
C) Internet Service Provider
D) None of these

96. I prefer cycling ….. going there on foot.

A) to
B) rather
C) than
D) against

97. Neither Renu nor her sisters …… attended the function.

A) has
B) have
C) is
D) are

98. One word for a person who does not believe in God is

A) Theist
B) Pessimist
C) Atheist
D) Hedonist

99. A pair of shoes …….. all that the sage had at the time of his death.

A) was
B) is
C) were
D) are

100. Ardra …… her mother

A) takes up
B) takes in
C) takes to
D) takes after

101. RADAR is ………………

A) a synonym
B) an antonym
C) an acronym
D) a pseudonym

102. The shepherd was leading a …….. of cattle to the meadow.

A) group
B) pack
C) gang
D) herd

103. The meaning of the word par excellence

A) on the first view
B) without comparison
C) wholly
D) blunder

104. Everyone is liable to makes mistakes, ……………….?

A) isn't he
B) aren't they
C) don't they
D) isn't it

105. The childless couple …….. a child from the orphanage.

A) adopted B) adapted

C) adored D) addicted

106. Write the meaning for the given proverbial expression, " to upset someone's apple cart"

A) to throw someone's plans in to disorder

B) to achieve fame or distinction

C) to do a thing half heartedly

D) to fall in meekly, with a person's wishes

107. The correctly spelt word

A) Ocurrence B) Occurrence

C) Occurence D) Occurrense

108. ദിവസത്തിൽ എത്ര തവണ ക്ലോക്കിലെ സൂചികൾ സമകോണിൽ വരും?

A) 18 B) 44

C) 46 D) ഇതൊന്നുമല്ല

109. ഒരു കമ്പനിയിലെ 30 ജീവനക്കാരുടെ ശരാശരി ശമ്പളം 4000 രൂപയാണ്. മാനേജരുടെ ശമ്പളം കൂടി കൂട്ടുകയാണെങ്കിൽ ശരാശരി ശമ്പളം 4300 രൂപയായി വർദ്ധിക്കും. അങ്ങനെയെങ്കിൽ മാനേജരുടെ ശമ്പളം എത്രയാണ്?

A) 13,000 B) 12,300

C) 13,300 D) 12,000

110. ഒരു വസ്തുവിന്റെ വാങ്ങിയ വില 50 രൂപയും വിറ്റ വില 58 രൂപയും ആയാൽ ലാഭ ശതമാനം എത്രയാണ്?

A) 20% B) 16%

C) 12% D) 25%

111. ഒരു മീറ്റിംഗിൽ ആറു പേർ പങ്കെടുത്തു. അവർ തമ്മിൽ പരസ്പരം ഹസ്തദാനം നടത്തി എങ്കിൽ ആകെ എത്ര ഹസ്തദാനങ്ങൾ നടന്നു.

A) 12 B) 15

C) 18 D) 20

112. 9000 രൂപയ്ക്ക് 9 മാസത്തേക്ക് 10% നിരക്കിൽ സാധാരണ പലിശ എത്രയാണ്?

A) 600 B) 675

C) 750 D) 690

113. 12,15,18 എന്നീ സംഖ്യകൾകൊണ്ട് നിശ്ശേഷം ഹരിക്കാൻ കഴിയുന്ന ഏറ്റവും ചെറിയ സംഖ്യ?

A) 180 B) 150

C) 120 D) 160

114. 1,6,11,............... എന്ന സംഖ്യാശ്രേണിയിലെ എത്രാമത്തെ പദമാണ് 301?

A) 60 B) 62

C) 50 D) 61

115. വേഗത: ഓഡോ മീറ്റർ: രക്ത സമ്മർദ്ദം :

A) ആനോമീറ്റർ B) അനിമോമീറ്റർ

C) തെർമോ മീറ്റർ D) സ്ഫിഗ്മോമാനോമീറ്റർ

116. താഴെ കൊടുത്തിരിയ്ക്കുന്ന ഓരോ വാക്കിന്റെയും മുന്നിൽ ഏത് അക്ഷരം ചേർത്താൽ പുതിയ വാക്കുകൾ ഉണ്ടാക്കാം?

WORD, INK, TRAP, LAP

A) L B) F

C) C D) S

117. ഒന്നു മുതൽ 100 വരെ ക്രമനമ്പർ ഇടുമ്പോൾ എത്ര തവണ പൂജ്യം എഴുതണം?

A) 10 B) 11

C) 9 D) 8

118. താഴെ കൊടുത്തിരിയ്ക്കുന്ന വാക്കുകളെ ഇംഗ്ലീഷ് നിഘണ്ടുവിലെ പോലെ ക്രമീകരിച്ചാൽ മൂന്നാമതു വരുന്ന വാക്ക് ഏതാണ്?

A) miscegenation B) mischance

C) miscast D) miscellaneous

119. 40 ൽ നിന്നും 2 എത്ര പ്രാവശ്യം കുറയ്ക്കാൻ കഴിയും?

A) 1 B) 2

C) 4 D) 3

120. അയൽക്കൂട്ടത്തിൽ ഒരു തർക്കമുണ്ടായാൽ ലീഡർ എന്ന നിലയ്ക്ക് നിങ്ങൾ എന്തു നടപടി സ്വീകരിക്കും.

A) അയൽകൂട്ടം പിരിച്ചു വിടും B) പ്രശ്നക്കാർക്കെതിരെ നടപടി എടുക്കും

C) സ്വയം പ്രശ്നം പരിഹരിക്കാൻ പ്രേരിപ്പിയ്ക്കും D) സി ഡി എസിനു റിപ്പോർട്ട് ചെയ്യും

121. ഒരു കമ്യൂണിറ്റി ലീഡർ എന്ന നിലയിൽ നിങ്ങൾ ............

A) മുന്നിൽ നിന്നു നയിക്കും B) പിന്നിൽ നിന്നു നയിക്കും

C) ഒപ്പം നടക്കും D) ഇതൊന്നുമല്ല

122. ഒരു പിന്നോക്ക പ്രദേശത്ത് അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനായി നിങ്ങളെ നിയോഗിച്ചു. എന്നാൽ ഇവിടെയുള്ള കുടുംബങ്ങൾ അയൽക്കൂട്ട രൂപീകരണത്തിൽ വലിയ താല്പര്യം കാണിച്ചില്ല. ഈ പ്രദേശത്ത് അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ നിങ്ങൾ എന്തു ചെയ്യും?

A) തടസ്സങ്ങൾ റിപ്പോർട്ട് ചെയ്യും B) ലക്ഷ്യത്തിൽ നിന്നും പിന്മാറും

C) നിരന്തരം പ്രചോദിപ്പിയ്ക്കും D) പാരിതോഷികം നൽകും

123. അയൽക്കൂട്ടത്തിനു ലഭിച്ച ലിങ്കേജ് വായ്പ തുല്യമായി വിതരണം ചെയ്യണമെന്ന് ഒരു വിഭാഗവും പറ്റില്ലായെന്ന് മറുവിഭാഗവും വാദിച്ചു. ഇതു സംബന്ധിച്ച് ഒരു തർക്കം ബ്ലോക്ക് കോ ഓർഡിനേറ്റർ എന്ന നിലയിൽ നിങ്ങളുടെ മുന്നിലെത്തി. താഴെകൊടുത്തിട്ടുള്ളവയിൽ നിന്നും നിങ്ങൾ ഏതു പരിഹാരമായിരിയ്ക്കും നിർദ്ദേശിക്കുക.

A) ആവശ്യങ്ങളുടെ മുൻഗണന നോക്കണം B) ഭൂരിപക്ഷ തീരുമാനം

C) തുല്യമായി വീതിക്കണം D) ടോസ് ഇട്ട് തീരുമാനിക്കണം

124. സി ഡി എസ് ചെയർപേഴ്സൻ അടിസ്ഥാനപരമായി കടപ്പെട്ടിരിയ്ക്കുന്നത്

A) ജില്ലാ മിഷനോട് B) സംസ്ഥാന മിഷനോട്

C) അയൽക്കൂട്ടാംഗങ്ങളോട് D) തദ്ദേശഭരണ സമിതിയോട്

125. കുടുംബശ്രീ ബ്ലോക്ക് കോ ഓർഡിനേറ്റർ എന്ന നിലയിൽ .......

A) മറ്റുള്ളവരെ അനുസരിപ്പിക്കണം B) ചിലപ്പോഴെല്ലാം ദേഷ്യപ്പെടാം

C) ജനാധിപത്യപരമായി പെരുമാറണം D) അധികാരം പ്രയോഗിക്കണം